(ബി) ഏതെല്ലാം ആദിവാസി കോളനികളിലാണ് പണം ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ പദ്ധതികളിൽ മണ്ഡലത്തിലെ ആദിവാസി മേഖലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 1,20,630 രൂപ

(ബി) മാടക്കയം, മയിലാടി എന്നീ ആദിവാസികോളനികളിൽ.

(സി) ഉണ്ട്.

പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി

140 (1032) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഭവനരഹിതരായ പട്ടികജാതി പിന്നോക്ക വിഭാഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി അനുസരിച്ച് എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂമി വിതരണത്തിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) അർഹരായ പലരെയും ഒഴിവാക്കി ഭൂമി ഉള്ള പലർക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങൾക്ക് ഈ പദ്ധതി ഇല്ല. പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ പദ്ധതി പ്രകാരം 2002-2003 വർഷത്തിൽ ഭൂമി വാങ്ങിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	- 339
കൊല്ലം	- 246
പത്തനംതിട്ട	- 239

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	164
കോട്ടയം	431
ഇടുക്കി	305
എറണാകുളം	315
തൃശ്ശൂർ	169
പാലക്കാട്	340
മലപ്പുറം	320
കോഴിക്കോട്	221
വയനാട്	97
കണ്ണൂർ	303
കാസർഗോഡ്	507

(ബി) വ്യാപകമായി ക്രമക്കേടുകൾ നടന്നതായി പരാതി ഇല്ല. എന്നാൽ കോട്ടയം ജില്ലയിൽ ഭൂമി വാങ്ങിയതിൽ പരാതി ഉള്ളതായി വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

ഒൻപതാം പദ്ധതിയിൽ ഗിരിവർഗ്ഗക്കാർക്കായി ചെലവഴിച്ച തുക

141 (1033) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാർക്കുവേണ്ടി 9-ാം പദ്ധതിയിൽ എന്തു തുക ഒട്ടാകെ ചെലവാക്കിയിട്ടുണ്ട് ;

(ബി) ഇക്കാലത്തു ചെലവഴിച്ച തുകയിൽ ഓരോ ഗിരിവർഗ്ഗക്കാരനും വേണ്ടി ശരാശരി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാലത്ത് ഗിരിവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായി പ്രയോജനം അവർക്കു ലഭിച്ചുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ;

(ഡി) 9-ാം പദ്ധതിക്കാലത്ത് ഗിരിവർഗ്ഗ ക്ഷേമത്തിനുവേണ്ടി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ പ്രയോജനം സിദ്ധിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് അന്വേഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly